**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4001 26.06.2013-ൽ മറുപടിക്ക്**

**<u>അസിസ്റ്റന്റ് സർജൻമാരുടെ റാങ്ക് ലിസ്റ്റ്</u>**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.സി.കൃഷ്ണൻ** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ആരോഗ്യ വകുപ്പിൽ അസിസ്റ്റന്റ് സർജൻമാരുടെ റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എപ്പോഴാണ്; | (എ) 25.03.2013-ൽ ആണ് ആരോഗ്യ വകുപ്പിൽ അസിസ്റ്റന്റ് സർജൻമാരുടെ റാങ്ക് ലിസ്റ്റ് നിലവിൽ വന്നത്. |
| (ബി) റാങ്ക് ലിസ്റ്റ് വന്നതിനുശേഷം എത്ര ഒഴിവുകളിലേയ്ക്ക് താൽക്കാലിക നിയമനം നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) പി.എസ്.സി നിയമന നിർദ്ദേശം ലഭിക്കുകയും ഉപരിപഠനത്തിനായി പ്രവേശന തീയതി ദീർഘിപ്പിച്ച നൽകുകയും ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് ജൂൺ-ജൂലൈ മാസങ്ങളിൽ നിയമന ഉത്തരവുകൾ നൽകേണ്ടതുണ്ട്. ഈ ഒഴിവുകളിൽ ഡോക്ടർമാരുടെ സേവനം അടിയന്തിരമായി ലഭ്യമാക്കേണ്ടതായിട്ടുള്ളതുകൊണ്ട് ജില്ലാ മെഡിക്കൽ ആഫീസർ മുഖേന അഡ്ഹോക് വ്യവസ്ഥയിൽ ഒഴിവുകൾ നികത്തിയിട്ടുണ്ട്. |
| (സി) അസിസ്റ്റന്റ് സർജൻമാരുടെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനു വേണ്ടി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) പി.എസ്.സി നിയമന നിർദ്ദേശം ലഭിച്ചവരും ഉപരിപഠനത്തിനായി ജോലിയിൽ പ്രവേശിക്കുന്നതിന് എക്സ്റ്റൻഷൻ വാങ്ങിയവരും ഉപരിപഠനത്തിനായി അവധിയിൽ പ്രവേശിച്ചവരുമായ 200-ൽ അധികം ഉദ്യോഗാർത്ഥികളെ ജൂൺ-ജൂലൈ മാസങ്ങളിൽ നിയമിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു. ശേഷിച്ച ഒഴിവുകളിൽ പി.എസ്.സി യിൽ നിന്നും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

Sobha Y

സെക്ഷൻ ഓഫീസർ